**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 424** | **15-03-2023 - ൽ മറുപടിയ്ക്ക്**

**പുതിയ റെയിൽവേ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആവശ്യത്തിന് ട്രെയിനുകൾ അനുവദിക്കാത്തതിനാൽ ട്രെയിൻ യാത്ര ദുരിതപൂർണ്ണമായിരിക്കുന്ന സാഹചര്യത്തിൽ പുതിയ ട്രെയിനുകൾ അനുവദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്ത കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന താല്പര്യാർത്ഥം തിരുത്തണമെന്ന് ആവശ്യപ്പെടുമോ; | (എ) | തിരുവനന്തപുരം കണ്ണൂർ വന്ദേഭാരത് ട്രെയിൻ, കോഴിക്കോട് ബാംഗ്ലൂർ ഇന്റർസിറ്റി, പാലക്കാട് തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ്സ്, എറണാകുളം സേലം ഇന്റർസിറ്റി, കൊച്ചുവേളി മുംബൈ, കൊച്ചുവേളി ഹൗറാഹ്, കൊച്ചുവേളി ഹൈദരാബാദ്, കൊച്ചുവേളി വേളാങ്കണ്ണി, കൊച്ചുവേളി രാമേശ്വരം, വാസ്കോ എറണാകുളം, വാസ്കോ നാഗർകോവിൽ, കണ്ണൂർ മധുരൈ ഇന്റർസിറ്റി തുടങ്ങിയ പുതിയ ട്രെയിനുകൾ അനുവദിക്കണമെന്ന ആവശ്യം, കേരളത്തിലെ ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉൾപ്പെടെ സംസ്ഥാന റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ പ്രധാന വിഷയങ്ങളും 2023 -2024 ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി 01-12-2022 ലെ കത്ത് മുഖാന്തിരം കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ട് വന്നിരുന്നു. എന്നാൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ട പല കാര്യങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല. കേന്ദ്രത്തിൽ നിന്നും ആവശ്യമായ പരിഗണന ലഭിക്കാത്ത പ്രശ്നം ഇതിനു മുമ്പും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ നപടികൾ സ്വീകരിക്കുന്നതിന് തുടർന്നും ഇടപെടുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന് പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിന് അനിവാര്യമായ നേമം ടെർമിനൽ വികസനം ഉപേക്ഷിച്ച തീരുമാനം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നേമം സാറ്റലൈറ്റ് ടെർമിനലിന്റെ പ്രവർത്തനം 2018-19 Umbrella Work sanction ന്റെ ഭാഗമാണ്. അതിനുശേഷം നേമത്ത് 500 കോടി രൂപ ചെലവിൽ പുതിയ കോച്ചിംഗ് ടെർമിനൽ നിർമിക്കുന്നതിനുള്ള ഡി.പി.ആർ. 02.11.2019 ന് റെയിൽവേ ബോർഡിന് അനുമതിക്കായി സമർപ്പിച്ചു. അതനുസരിച്ച്, അന്നത്തെ റെയിൽവേ മന്ത്രി |

| | | | |
|---|---|---|---|
| | | | പിയൂഷ് ഗോയൽ വീഡിയോ കോൺഫറൻസിംഗിലൂടെ പദ്ധതിക്ക് തറക്കല്ലിട്ടു. എന്നാൽ പദ്ധതി ഇപ്പോൾ ഉപേക്ഷിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെടുകയും കേരള സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നേമത്ത് ഒരു കോച്ചിംഗ് ടെർമിനൽ അത്യന്താപേക്ഷിതമാണെന്നുള്ള വസ്തുത കണക്കിലെടുത്ത് ഈ അനിവാര്യമായ നിർദ്ദേശം പുനഃപരിശോധിക്കണമെന്ന് ബഹു.മുഖ്യമന്ത്രി 02.07.2022 തീയതിയിലെ കത്ത് പ്രകാരം ബഹു പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 17.08.2022 നു കേന്ദ്ര റെയിൽവേ മന്ത്രിയെ നേരിട്ട് കണ്ടു നിവേദനം നൽകുകയുണ്ടായി. |
| (സി) | സംസ്ഥാന വികസനത്തിന് ആവശ്യമായ റെയിൽവേ വികസന പദ്ധതികൾ നടപ്പിലാക്കാതിരിക്കുകയും യാത്രക്കാരുടെ എണ്ണത്തിന് ആനുപാതികമായി ട്രെയിൻ യാത്രാ സൗകര്യം ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ തനത് റെയിൽവേ വികസന പദ്ധതികൾക്ക് കൂടി കേന്ദ്ര സർക്കാർ വിഘാതം സൃഷ്ടിക്കുന്ന സമീപനം തിരുത്താൻ ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാന റെയിൽവേ വികസവുമായി ബന്ധപ്പെട്ട എല്ലാ പ്രധാന വിഷയങ്ങളും 2023 -2024 ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി 01-12-2022 ലെ കത്ത് മുഖാന്തിരം കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ട് വന്നിരുന്നു.<br><br>കേരള സംസ്ഥാനത്തെ പ്രധാന റെയിൽവേ വികസന പദ്ധതികളായ സിൽവർലൈൻ (അർദ്ധ അതിവേഗ റെയിൽ) തിരുവനന്തപുരം - കാസർഗോഡ് പദ്ധതി, തലശ്ശേരി - മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ -നഞ്ചൻകോട് പദ്ധതി, അങ്കമാലി - ശബരി റെയിൽ പദ്ധതി എന്നിവയെല്ലാം റെയിൽ മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള പദ്ധതികളാണ്. റെയിൽവേയുടേയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡാണ് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് ചുമതല നൽകിയിരിക്കുന്നത്. റെയിൽ പദ്ധതികളുടെയെല്ലാം പുരോഗതിക്കും, വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആയി പ്രസ്തുത സംയുക്ത സംരംഭ കമ്പനി വഴി വിശദ പദ്ധതി രൂപരേഖ, റെയിൽ മന്ത്രാലയവുമായുള്ള ഏകോപനം, നിരന്തര ചർച്ചകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാർ റെയിൽ മന്ത്രാലയവുമായി ഇടപെടലുകൾ യഥാസമയം നടത്തിയിരുന്നു. സംസ്ഥാന മുഖ്യമന്ത്രി പ്രധാന മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായും ചർച്ചകൾ നടത്തി വരാറുണ്ട്. |

സെക്ഷൻ ഓഫീസർ